"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം - വാർഷിക പദ്ധതി 2024-25 - "പുതിയ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ്" - ഗവൺമെന്റ് ആയുർവേദ കോളേജ്, ഉടുമ്പൻചോല ഇടുക്കി- ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.389/2024/AYUSH തീയതി,തിരുവനന്തപുരം, 06-10-2024

പരാമർശം:-

1. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 17/07/2024-ലെ 470/ജി1/2024/ഡി.എ.എം.ഇ നമ്പർ പ്രൊപ്പോസൽ.
2. ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23/08/2024-ൽ ചേർന്ന ഓൺലൈൻ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് 2024-25 സാമ്പത്തിക വർഷത്തിൽ ക്യാപിറ്റൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ 23/08/2024ന് ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി പരിശോധിച്ചു.

2) പരാമർശം 2)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 4210-03-101-74 (പി) ക്യാപിറ്റൽ ശീർഷകത്തിൽ "പുതിയ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ്" എന്ന പദ്ധതി പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചിട്ടുള്ള 100 ലക്ഷം രൂപ (നൂറ് ലക്ഷം രൂപ മാത്രം) ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| **ശീർഷകം - 4210-03-101-74** | **100.00 ലക്ഷം** |
| ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിൽ സ്ഥാപിക്കുന്ന ആയുർവേദ മെഡിക്കൽ കോളേജിനായി കൈമാറിയ 2 0 . 8 2 ഏക്കർ സ്ഥലത്തിൽ മതിൽ കെട്ടുന്നതിന്റെയും പ്രവേശന കവാടം സ്ഥാപിക്കുന്നതിന്റെയും ആദ്യഘട്ടം നടപ്പിലാക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി പദ്ധതി നിർവ്വഹണ ഏജൻസിയായ WAPCOS LTD നെ കൊണ്ട് Govt. Accredited agency guidelines G.O(P)No.67/2021/Fin(Industries & Public Works-B Dept), Dtd.28.04.2021, അനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന്. | |
| **ആകെ** | **100.00 ലക്ഷം** |

3. എല്ലാ പർച്ചേസുകളും സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായിരിക്കണം. ടെണ്ടർ /ഇ-ടെണ്ടർ നടപടികൾ ആവശ്യമായവയ്ക്ക് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും സിവിൽ പ്രവൃത്തികൾ സി.പി.ഡബ്ല്യു.ഡി നിരക്കിലുമാണ് നടത്തേണ്ടത്. പ്രസ്തുത തുക ബാങ്കുകളിൽ നിക്ഷേപിക്കുന്നതും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും അനുവദനീയമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത്-എ/പ്ലാനിംഗ്-ബി) വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Namitha T
Date: 07-10-2024 10:17:31

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു.ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ-യ്ക്ക്.
ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്.
ആയുഷ് (എ) വകുപ്പ്.